# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2205

## 05.02.2018 ലെ മറുപടിക്ക്

## <u>ആസ്തി വികസന ഫണ്ട്</u>

| ചോദ്യം<br>ശ്രീ.ബി.ഡി. ദേവസ്സി | | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | ആസ്തി വികസന ഫണ്ട് പ്രൊപ്പോസലുകൾ ജില്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ)ക്ക് സമർപ്പിക്കുന്നതിന് നടപടി സ്വീകരിച്ച എങ്കിലും ഫണ്ടുപയോഗിച്ചുള്ള ധനവിനിയോഗത്തിന് എ.ഡി.സി.യ്ക്ക് അനുവാദമോ, ആയതിനായി ഹെഡ് ഓഫ് അക്കൗണ്ടോ അനുവദിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സ.ഉ. (അ) നം. 126/2017/ധന തീയതി 25.09.2017 പ്രകാരം ആസ്തി വികസന പദ്ധതിയിൻ കീഴിൽ ഭരണാനുമതി പുറപ്പെടുവിച്ച് പൂർത്തീകരിച്ച പ്രവൃത്തികളുടെ ബില്ലുകൾ (ഭാഗികമോ/ അന്തിമമോ ആയ ബില്ലുകൾ) മാറി നൽകുന്നതിന് നിലവിലുള്ള രീതി തന്നെ തുടരുന്നതായിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതായത്, പ്രവൃത്തികളുടെ ഗുണഭോക്തൃ വകുപ്പുകൾ, പ്രവൃത്തി വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്ന മുറയ്ക്ക് വകുപ്പുകൾക്ക് അനുവദിച്ചിട്ടുള്ള ശീർഷകങ്ങളുടെ നിയന്ത്രണാധികാരി ബില്ലുകൾ മാറി നൽകുന്നതായിരിക്കും. (എഞ്ചിനീയറിംഗ് വിംഗുകൾ ഇല്ലാത്ത വകുപ്പുകൾ ആണെങ്കിൽ പൊതുമരാമത്ത് വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥനായിരിക്കും നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തേണ്ടത്). അക്രഡിറ്റഡ് ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ മേൽനോട്ടം ഗുണഭോക്തൃ വകുപ്പ് തന്നെ നടത്തേണ്ടതും അവർ സമർപ്പിക്കുന്ന ബില്ലുകൾ ആ വകുപ്പിൽ പരിശോധിച്ച് അനുബന്ധ രേഖകളോടെ ശുപാർശയോടു കൂടി ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിനായി അയയ്ക്കേണ്ടതും ധനവകുപ്പ് തുക അനുവദിച്ച് ഉത്തരവാകുന്നതുമാണ്. എന്നാൽ തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന അക്രഡിറ്റഡ് ഏജൻസികളെ ഏൽപ്പിക്കുന്ന പ്രവൃത്തികളുടെ ബില്ലുകൾ ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ് തന്നെ മാറി നൽകുന്ന രീതി തുടരുന്നതുമാണ്. |
| (ബി) | നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനും കൂടുതൽ സൗകര്യത്തിനുമായി, ആസ്തി വികസന ഫണ്ടുകളുടെ വിനിയോഗത്തിന് ചുമതലപ്പെടുത്തിയിട്ടുള്ള അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർക്ക് ഇതിനായി ഹെഡ് ഓഫ് അക്കൗണ്ടും ധനവിനിയോഗത്തിന് അനുമതിയും നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | നിലവിലുള്ള രീതി കാലതാമസത്തിന് ഇടയാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർക്ക് ഇതിനായി ഹെഡ് ഓഫ് അക്കൗണ്ടും ധനവിനിയോഗത്തിന് അനുമതിയും നൽകുന്നത് പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ